അല്ലെങ്കിൽ അതാത് സോഴ്സിന്റെ പ്രദേശത്ത് ആർക്കും നോക്കത്തക്കനിലയിൽ അത് പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : ക്ലോറിൻ, ആലം, അതുപോലെ ബ്ലീച്ചിംഗ് പൗഡർ-ഇവയൊക്കെ കൃത്യമായ അളവ് അനുസരിച്ചാണ് ചേർക്കാറുള്ളത്. അളവു മാത്രമല്ല ഗുണനിലവാരവും പരിശോധിക്കാറുണ്ട്. ഉപയോഗിക്കുന്ന ക്ലോറിൻ, ആലം, ബ്ലീച്ചിംഗ്പൗഡർ എന്നിവയുടെ ഗുണനിലവാരം പരിശോധിച്ചതിനുശേഷം മാത്രമേ വെള്ളത്തിൽ ചേർക്കുകയുള്ളൂ. ചേർക്കുമ്പോൾ അതിനൊക്കെ പ്രത്യേക വ്യവസ്ഥകളും ചിട്ടകളും കണക്കുകളുമൊക്കെയുണ്ട്. ഹോട്ടലുകളിലും നമ്മുടെ നിയമസഭാ കാന്റീനിൽപോലും വെള്ളത്തിൽ ക്ലോറിൻ ചുവയുണ്ടാകുന്നു എന്നാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. അത് ദോഷം ചെയ്യുന്നതാണോയെന്ന് പരിശോധിച്ചിട്ടുണ്ട്. ശകലം പോലും പിശക് വരാത്ത രീതിയിൽത്തന്നെയാണ് ക്ലോറിനേറ്റ് ചെയ്യുന്നതിനുള്ള ഏർപ്പാട് ചെയ്തിട്ടുള്ളത്.

<u>ശ്രീ. കെ. പ്രകാശ് ബാബു</u> : പരിശോധന നടത്തുന്ന ഉദ്യോഗസ്ഥൻമാരുടെ പേരുവിവരം പ്രസിദ്ധപ്പെടുത്തണം എന്നുകൂടി ചോദിച്ചിരുന്നു. ഭൂജലവിതാനത്തിൽ ഉണ്ടാകുന്ന മാറ്റവും ജലസംഭരണത്തിന്റെ അളവും അതുപോലെ രാസപരിണാമങ്ങളെക്കുറിച്ചുമൊക്കെ പഠനം നടത്തുന്നതിനുവേണ്ടി ഒരു ഹൈഡ്രോളജി പ്രോജക്ട് ഭൂജലവകുപ്പിന്റെ കീഴിൽ പ്രവർത്തനം നടത്തുന്നു എന്നാണ് അറിയാൻ കഴിഞ്ഞത്. അത് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ; അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; അതിന് ഏതെങ്കിലും ധനകാര്യഏജൻസിയുടെ സഹായം ലഭിക്കുന്നുണ്ടോയെന്നുകൂടി വ്യക്തമാക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : നിലവിലുള്ള സംവിധാനത്തിനു പുറമേ ജനപങ്കാളിത്തത്തോടുകൂടി ഇത് കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി രാജീവ് ഗാന്ധി ഡ്രിങ്കിംഗ് വാട്ടർ മിഷന്റെ ധനസഹായത്തോടെ കൊച്ചിയിൽ ഒരു സ്റ്റേറ്റ് ലെവൽ വാട്ടർ ടെസ്റ്റിംഗ് ലബോറട്ടറി സ്ഥാപിക്കാനും അതിനോടനുബന്ധിച്ച് ഓരോ ജില്ലയിലും കുടിവെള്ളത്തിന്റെ ഗുണമേൻമ പരിശോധിക്കുന്നതിനുള്ള പുതിയ സംവിധാനം ഏർപ്പെടുത്താനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>മി. സ്പീക്കർ</u> : സമയം ലാഭപ്പെടുത്തുന്നതിനുവേണ്ടി ചോദ്യം നമ്പർ *(556)-ഉം *(560) - ഉം കൂടി എടുക്കാം.

2 (*556) വില്ലേജുകളിൽ ശുദ്ധജലം ലഭ്യമാക്കാൻ നടപടി

<u>ശ്രീ. ഇസ്ഹാക് കുരിക്കൾ</u> :
<u>ശ്രീ. ചെർക്കളം അബ്ദുള്ള</u> :
<u>ശ്രീ. ഇ.ടി മുഹമ്മദ് ബഷീർ</u> :
<u>ശ്രീ. പി.കെ.കെ ബാവ</u> :
<u>ശ്രീ. പി.കെ. അബ്ദുറബ്ബ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എല്ലാ വില്ലേജുകളിലും ശുദ്ധജലം ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇനിയും എത്ര വില്ലേജുകളിൽ ശുദ്ധജലം ലഭ്യമാക്കേണ്ടതുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിനുവേണ്ടി പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) ഈ പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കും?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി(ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ,

(എ) ഇല്ല.

(ബി) രാജീവ് ഗാന്ധി നാഷണൽ ഡ്രിങ്കിംഗ് വാട്ടർ മിഷന്റെ ആഭിമുഖ്യത്തിൽ നടത്തിയ സർവ്വേപ്രകാരം സംസ്ഥാനത്താകെയുള്ള 1384 വില്ലേജുകളിൽ 77 വില്ലേജുകളിൽ പൂർണ്ണമായും 1300 വില്ലേജുകളിൽ ഭാഗികമായും ഇപ്പോൾ ശുദ്ധജല വിതരണ സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്. ശുദ്ധജല വിതരണ സൗകര്യങ്ങൾ തീരെയില്ലാത്ത വില്ലേജുകളുടെ ജില്ല തിരിച്ചുള്ള പേരു വിവരം ചുവടെ ചേർക്കുന്നു:

	വില്ലേജ്	ജില്ല
(1)	കുറുമ്പിലങ്ങാട്	മലപ്പുറം
(2)	പുന്നയൂർ	തൃശ്ശൂർ
(3)	ഇടക്കഴിയൂർ	തൃശ്ശൂർ
(4)	കാന്തിപ്പാറ	ഇടുക്കി
(5)	ഉപ്പുതോട്	ഇടുക്കി
(6)	മാഞ്ഞൂർ	കോട്ടയം
(7)	കിഴക്കേ കല്ലട	കൊല്ലം

(സി) ഉണ്ട്. മലപ്പുറം ജില്ലയിലെ കുറുമ്പിലങ്ങാട് വില്ലേജ് ഉൾപ്പെടുന്ന ചുലങ്കത്തറയിലും പരിസര ഗ്രാമങ്ങൾക്കുംവേണ്ടി ഒരു സമഗ്ര ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയുടെ പ്രാഥമിക എൻജിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. തൃശൂർ ജില്ലയിലെ പുന്നയൂർ, ഇടക്കഴിയൂർ വില്ലേജുകളിൽ അടുത്ത സാമ്പത്തികവർഷം പാവറട്ടി ശുദ്ധജലവിതരണപദ്ധതി പൂർത്തിയാകുന്നതോടുകൂടി കുടിവെള്ളം ലഭ്യമാകും. ഇടുക്കിജില്ലയിലെ കാന്തിപ്പാറ വില്ലേജിനുവേണ്ടിയുള്ള ത്വരിത ഗ്രാമീണശുദ്ധജല വിതരണ പദ്ധതിയുടെ വിശദമായ എൻജിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കലും ഉപ്പുതോട് വില്ലേജിനുവേണ്ടിയുള്ള ശുദ്ധജല വിതരണപദ്ധതിയും ആവിഷ്കരിക്കുന്നതിനുള്ള നടപടിയും വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നുണ്ട്. ഏറ്റുമാനൂരും പരിസര ഗ്രാമങ്ങൾക്കുംവേണ്ടിയുള്ള സമഗ്ര ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയനുസരിച്ച് 937.9 ലക്ഷം രൂപ അടങ്കൽത്തുകവരുന്ന ഒരു പുതിയ പദ്ധതിക്ക് കഴിഞ്ഞ സാമ്പത്തികവർഷം ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ മാഞ്ഞൂർ വില്ലേജ് ഉൾപ്പെടുന്നുണ്ട്. ഡച്ച് ഗവൺമെന്റ് സഹായത്തോടെ ഏറ്റെടുത്തിട്ടുള്ള കുണ്ടറയ്ക്കും പരിസര പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി പൂർത്തിയാകുന്നതോടെ കിഴക്കേ കല്ലട വില്ലേജിലും ശുദ്ധജലവിതരണം ഏർപ്പെടുത്താൻ സാധിക്കുന്നതാണ്. മേൽപ്പറഞ്ഞ പദ്ധതികൾക്കു പുറമേ രണ്ടായിരാമാണ്ടോടുകൂടി ഏറ്റവും കുറഞ്ഞ അളവിലെങ്കിലും എല്ലാവർക്കും ആവശ്യമായ കുടിവെള്ളം ലഭ്യമാക്കാനുള്ള ഒരു പരിപാടി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ ജനകീയാസൂത്രണ പരിപാടിയുടെ ഭാഗമായും കുടിവെള്ളവിതരണ പദ്ധതികൾ പഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കൊല്ലം ജില്ലയിലെ കുണ്ടറയ്ക്കും പരിസരപ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി ഈ സാമ്പത്തികവർഷവും തൃശ്ശൂർ ജില്ലയിലെ പാവറട്ടി ശുദ്ധജല വിതരണ പദ്ധതി അടുത്ത സാമ്പത്തിക വർഷവും പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുതിയ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾക്ക് അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് മൂന്നുനാല് വർഷംകൊണ്ട് പൂർത്തിയാക്കുവാൻ ലക്ഷ്യമിട്ട് തയ്യാറാക്കിയിട്ടുള്ളതാണ് ഇതിന്റെ പ്ലാൻ.

മി. സ്പീക്കർ : യേസ്, ചോദ്യം 560, ശ്രീ. പി. വിശ്വൻ, ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി.

3 (*560) ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. പി. വിശ്വൻ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്ക് സഹായത്തോടെ പുതിയ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ എന്തെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ലോകബാങ്ക് വായ്പാസഹായം അനുവദിക്കുന്ന കാര്യത്തിൽ പുതിയ നിബന്ധനകൾ എന്തെങ്കിലും വച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്താണെന്നു വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത നിബന്ധനകൾക്ക് വിധേയമായി പദ്ധതികൾ എന്തെങ്കിലും ലോകബാങ്കിന് സമർപ്പിച്ചിട്ടുണ്ടോ;

(എഫ്) ജനപങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഏതെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ,

(എ)&(ബി)ലോകബാങ്കിന്റെ സഹായത്തോടെ തൃശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ 159 ഗ്രാമങ്ങൾക്കുള്ള ശുദ്ധജല ശുദ്ധീകരണ പദ്ധതികൾക്കുള്ള പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് ലോകബാങ്കിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഗ്രാമീണ ശുദ്ധജലവിതരണം, ചെലവുകുറഞ്ഞ കക്കൂസ് നിർമ്മാണം, പരിസര ശുചീകരണം, ജലസംരക്ഷണം എന്നിവ ഉദ്ദേശിച്ച് നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളതാണ്. 511.5 കോടി രൂപയാണ് ഇതിനുവേണ്ടി ചെലവ് പ്രതീക്ഷിക്കുന്നത്.

(സി)&(ഡി)വായ്പാ സഹായം അനുവദിക്കുന്ന കാര്യത്തിൽ ലോകബാങ്ക് ബാധകമാക്കിയിട്ടുള്ള നിബന്ധനകൾ ചുവടെ ചേർക്കുന്നു.

(1) പദ്ധതിയുടെ നടത്തിപ്പിൽ ജനപങ്കാളിത്തവും ആവശ്യാധിഷ്ഠിതസേവനവും ഉറപ്പുവരുത്തുക.

LIBRARY ARCHIVES Kerala Legislative Assembly